**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1524** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ തരം മാറ്റുന്നതിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ റവന്യൂ ഓഫീസുകളിലായി ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകളാണ് തീരുമാനമെടുക്കാതെ കിടക്കുന്നത് ; എത്രനാൾ മുതലുള്ള അപേക്ഷകൾ ഇക്കൂട്ടത്തിലുണ്ട്; ജില്ല, ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ; | (എ) | തീരുമാനം എടുക്കുവാൻ ശേഷിക്കുന്ന ഓഫ് ലൈൻ അപേക്ഷകൾ **- 68118** ( 21.06.2022 വരെ).<br>തീരുമാനം എടുക്കുവാൻ ശേഷിക്കുന്ന ഓൺലൈൻ അപേക്ഷകൾ **- 90719** ( 21.06.2022 വരെ).<br><br>2019 മുതലുള്ള അപേക്ഷകൾ ഇക്കൂട്ടത്തിലുണ്ട്. തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ സംബന്ധിച്ച്, ജില്ല, റവന്യൂ ഡിവിഷണൽ ഓഫീസ്, എന്നിങ്ങനെ തിരിച്ചുള്ള പട്ടിക, അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | അപേക്ഷകളിൽ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി എന്തൊക്കെ പ്രത്യേക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള, ഭൂമി തരം മാറ്റ അപേക്ഷകൾ, യുദ്ധകാല അടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച, 22/02/2022-ലെ സ.ഉ (കൈ) നം. 56/2022/RD പ്രകാരം, അപേക്ഷകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിച്ചും ഐ.ടി അനുബന്ധ ഉപകരണങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കിയും സുഗമമായ ഫീൽഡ് പരിശോധനയ്ക്കായി വാഹനം വാടയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, നിശ്ചിത സമയങ്ങളിൽ അദാലത്തുകൾ നടത്തിയുള്ള അപേക്ഷ തീർപ്പാക്കൽ നടപടികൾക്ക് പ്രഥമ പരിഗണനയും നൽകി വരുന്നു.<br><br>തരം മാറ്റത്തിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ചും അപേക്ഷകൾ നൽകുന്നതിന് നിലവിൽ ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയും, മുൻഗണനാക്രമത്തിന് വിധേയമായി, അർഹതപ്പെട്ടവർക്ക് എത്രയും വേഗം ഭൂമി തരംമാറ്റി കിട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 136291 ഓഫ് ലൈൻ അപേക്ഷകളും, 1251 ഓൺലൈൻ അപേക്ഷകളും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ 137732 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.<br><br>മേൽപ്രകാരം, ഭൂമി തരം മാറ്റ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനു വേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഊർജ്ജിത/തീവ്രയത്ന പരിപാടികളോടനുബന്ധിച്ച്, എല്ലാ ഓഫീസുകളിലും അപേക്ഷകളിന്മേൽ എകീകൃത നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി, ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയറും (SOP) തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (സി) | ഇതിനായി പ്രത്യേക റവന്യൂ അദാലത്ത് സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിനായി, വിവിധ റവന്യൂ ഡിവിഷണൽ ആഫീസുകളുടെ പരിധിയിൽ, ഇതിനകം തന്നെ, 119 പ്രത്യേക അദാലത്തുകൾ നടത്തിയിട്ടുള്ളതാണ്. തുടർന്നും, അദാലത്തുകൾ നിശ്ചിത കാലയളവുകളിൽ നടത്തുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | ജില്ല | ആർ.ഡി ഒ | ഓഫ് ലൈൻ | ഓൺ ലൈൻ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | 3027 | 5344 |
| | | നെടുമങ്ങാട് | 790 | 1496 |
| 2 | കൊല്ലം | കൊല്ലം | 2942 | 6420 |
| | | പുനലൂർ | 1425 | 1160 |
| 3 | പത്തനംതിട്ട | അടൂർ | 532 | 1166 |
| | | തിരുവല്ല | 349 | 792 |
| 4 | ആലപ്പുഴ | ആലപ്പുഴ | 5401 | 4064 |
| | | ചെങ്ങന്നൂർ | 2670 | 5116 |
| 5 | കോട്ടയം | കോട്ടയം | 1244 | 1735 |
| | | പാല | 1274 | 2344 |
| 6 | ഇടുക്കി | ഇടുക്കി | 287 | 806 |
| | | ദേവികുളം | 403 | 306 |
| 7 | എറണാകുളം | ഫോർട്ട് കൊച്ചി | 15237 | 12333 |
| | | മൂവാറ്റുപുഴ | 4351 | 5730 |
| 8 | തൃശ്ശൂർ | തൃശ്ശൂർ | 4079 | 6169 |
| | | ഇരിങ്ങാലക്കുട | 4567 | 3695 |
| 9 | പാലക്കാട് | പാലക്കാട് | 2947 | 3787 |
| | | ഒറ്റപ്പാലം | 2779 | 2158 |
| 10 | മലപ്പുറം | പെരിന്തൽമണ്ണ | 1727 | 3038 |
| | | തിരൂർ | 3057 | 3119 |

| | | | | |
|---|---|---|---|---|
| 11 | കോഴിക്കോട് | കോഴിക്കോട് | 2557 | 6065 |
| | | വടകര | 2086 | 4239 |
| 12 | വയനാട് | മാനന്തവാടി | 551 | 2074 |
| 13 | കണ്ണൂർ | തളിപ്പറമ്പ | 2235 | 3787 |
| | | തലശ്ശേരി | 209 | 2083 |
| 14 | കാസർഗോഡ് | കാസർഗോഡ് | 158 | 260 |
| | | കാഞ്ഞങ്ങാട് | 1234 | 1433 |
| | | **ആകെ** | **68118** | **90719** |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാകുന്നത് - സംബന്ധിച്ച്

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/RD തീയതി,തിരുവനന്തപുരം, 22-02-2022

| | |
|---|---|
| പരാമർശം:- | ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ |

**ഉത്തരവ്**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത്, നിലവിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 1,12,539 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം, സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് ഭൂമിയുടെ കരം അടവ് പൂർണ്ണമായും ഓൺലൈൻ ആക്കി മാറ്റിയതിനാൽ കരം രസീതിയിലൂടെ ഭൂമിയുടെ തരം മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലും, തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി കൈക്കൊള്ളേണ്ടുന്ന തീരുമാനം സംബന്ധിച്ച്, പരാമർശ പ്രകാരമുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

1) ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച

കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് ചുവടെ ചേർത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

a) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

b) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

c) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

d) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും , 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ.

e) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്ക്.

2) 1000-ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

3) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക - 35,000/- രൂപ)

4) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.റ്റി അനുബന്ധ സൗകര്യങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങളായ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് ആകെ 5,99,93,000/- രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

5) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ധനകാര്യ വകുപ്പ്

നിയമ വകുപ്പ് (10.02.2022-ലെ Exp-A1/62/2022 കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്